"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചെയർപേഴ്സണായി മുൻ ചീഫ് സെക്രട്ടറി ഡോ.വി.പി. ജോയ് ഐ.എ.എസ്(റിട്ട.)- നെ നിയമിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.46/2023/ID തീയതി,തിരുവനന്തപുരം, 06-07-2023

പരാമർശം:-

1. 06.10.2022 ലെ നം.1/ലെഗ്.സി3/2022/നിയമം നമ്പർ വിജ്ഞാപനം.
2. 19.06.2023 ലെ അസാധാരണ ഗസറ്റ് നം.2065 ആയി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം.690/2023 വിജ്ഞാപനം.

**ഉത്തരവ്**

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും, വ്യവസായ വകുപ്പിലേതല്ലാത്ത മറ്റ് ഭരണ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളുലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ തയ്യാറാക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

2. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 ലെ വകുപ്പ് 3(1) പ്രകാരം കൈവന്നിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുകയും, ആക്ടിലെ വകുപ്പ് 3(3) പ്രകാരം കൈവന്നിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് പ്രസ്തുത ബോർഡിൽ 4 അംഗങ്ങളെ നിയമിച്ചുകൊണ്ടുമുള്ള ഉത്തരവ് പരാമർശം (2) പ്രകാരം വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

3. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 ലെ വകുപ്പ് 3(3) ൽ ബോർഡിൽ ഒരു ചെയർപേഴ്സണെ നിയമിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ വകുപ്പ് 3(4) പ്രകാരം ബോർഡിന്റെ ചെയർപേഴ്സണായി സർക്കാരിന്റെ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു സ്ഥാനം വഹിക്കുന്നതോ, വഹിച്ചിരുന്നതോ ആയതും ഒരു

പൊതുമേഖലാ സ്ഥാപനത്തിന്റെ ബോർഡിലെ അംഗം എന്ന നിലയിൽ പ്രവൃത്തി പരിചയമുള്ളതുമായ ഒരാളോ, ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ കീഴിലുള്ള ക്ലാസ് 'എ' വിഭാഗത്തിൽപെട്ട ഒരു പൊതുമേഖലാ സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടറായി അഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള ഒരാളോ ആയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

4. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 ലെ വകുപ്പ് 3(3) പ്രകാരം സർക്കാരിന് കൈവന്നിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് മുൻ ചീഫ് സെക്രട്ടറി ഡോ.വി.പി. ജോയ് ഐ.എ.എസ് (റിട്ട.) - നെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ ചെയർപേഴ്സണായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMAN BILLA
പ്രിൻസിപ്പൽ സെക്രട്ടറി

ഡോ. വി.പി. ജോയ് ഐ.എ.എസ് (റിട്ട.), 4/244-2, വാഴയിൽ, മാർക്കറ്റ് ജംഗ്ഷൻ, കുറവൻകോണം, കവടിയാർ, തിരുവനന്തപുരം-695 003
കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിലെ എല്ലാ മെമ്പർമാർക്കും
ശ്രീമതി. അഞ്ജന.എം ഐഎഎസ്, സ്പെഷ്യൽ ഓഫീസർ, കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ്, തിരുവനന്തപുരം
ചെയർമാൻ/ മെമ്പർ സെക്രട്ടറി, റിയാബ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
AJITHKUMAR A
Date: 06-07-2023 17:41:04
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ സി.എ യ്ക്ക്
വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

INDUSTRIES DEPARTMENT
06 JUL 2023
Govt. Secretariat, Thiruvananthapuram

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 05-07-2023

ഇനം നം: 1632
O.A.

വിഷയം : വ്യവസായ വകുപ്പ് - കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ ചെയർപേഴ്സണായി മുൻ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് ഐ.എ.എസ്. (റിട്ട.)-നെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
സെക്രട്ടറി, ധനകാര്യ വകുപ്പ്.